(6) 2004 -ലെ കേരള എൽ. ഐ. സി. ഏജന്റ്സ് ആന്റ് മഹിളാ പ്രധാൻ ഏജന്റ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, 2004-ലെ കേരള എൽ ഐ. സി. ഏജന്റ്സ് ആന്റ് മഹിളാ പ്രധാൻ ഏജന്റ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എ. സുജനപാൽ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ) : സർ, ഇതും അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. ഞാൻ എതിർക്കുകയാണ്. അദ്ദേഹത്തിന്റെ സമയം കഴിഞ്ഞു എന്ന് സ്പീക്കർ പറഞ്ഞു എങ്കിലും എനിക്ക് പറയാനുള്ളത് ബില്ലിന്റെ സമയം കഴിഞ്ഞാലും അദ്ദേഹത്തിന്റെ നല്ല സമയമാണ്. കേരളത്തിലെ എൽ.ഐ.സി. ഏജന്റുമാർക്കും മഹിളാ പ്രധാൻ ഏജന്റുമാർക്കും ആശ്വാസം പകരാനും ക്ഷേമം അഭിവൃദ്ധിപ്പെടുത്താനും വേണ്ടിയാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ക്ഷേമനിധി ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എൽ. ഐ. സി. ഏജന്റുമാർ എൽ. ഐ. സി. തന്നെ റിക്രൂട്ട് ചെയ്ത് കമ്മീഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരും മഹിളാ പ്രധാൻ ഏജന്റുമാർ പോസ്റ്റ് ഓഫീസ് മുഖേന ദേശീയ സമ്പാദ്യ പദ്ധതിയിൽ ആളെ ചേർക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. ഈ വിഭാഗങ്ങൾക്ക് അവർ തൊഴിൽ ചെയ്യുന്ന മേഖലയിൽ തന്നെ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ് ഉചിതം. സംസ്ഥാന സർക്കാരിനു കീഴിൽ ഒരു ക്ഷേമ പദ്ധതി രൂപീകരിക്കുന്നതിനുവേണ്ട അംഗസംഖ്യ ഈ വിഭാഗക്കാർക്ക് ഉണ്ടാകാൻ ഇടയില്ലാത്ത സാഹചര്യത്തിൽ ക്ഷേമ പദ്ധതിയുടെ നടത്തിപ്പിനുവേണ്ട തുക അംശദായമായി ലഭിക്കുകയില്ല. അതിനാൽ എൽ. ഐ. സി. പോസ്റ്റ് ഓഫീസ് എന്നിവ മുഖേന ഈ വിഭാഗക്കാരുടെ ക്ഷേമ കാര്യങ്ങൾക്കായി പദ്ധതി രൂപീകരിക്കുന്നതാണ് ഉചിതം എന്നുള്ള അഭിപ്രായം ഉള്ളതുകൊണ്ടാണ് ഇതിന്റെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന നിർദ്ദേശത്തോട് വിയോജിപ്പുള്ളത്. അതുകൊണ്ടാണ് ഈ ബില്ലിന് അവതരണാനുമതി നിഷേധിക്കാൻ ഞാൻ തയ്യാറായത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, വളരെ കഷ്ടമായ ഒരു കാര്യമാണ് മന്ത്രി പറഞ്ഞത്. നമ്മുടെ നാട്ടിലെ വിഭവ സമാഹരണത്തിന് ഏറ്റവും നമ്മെ സഹായിക്കുന്ന രണ്ട് മേഖലകളാണ് ഇത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ വർഷം 1250 കോടി രൂപ വിഭവ സമാഹരണത്തിലൂടെ നേടുവാനുള്ള തീരുമാനം നടപ്പിലാക്കാൻ വേണ്ടി കഷ്ടപ്പെട്ട വരാണവർ. ശ്രീമതി ശോഭനാ ജോർജ്ജ് എം.എൽ.എ.-യുടെ ഭർത്താവാണ് നാഷണൽ സേവിംഗ്സ് ഡയറക്ടർ . അദ്ദേഹം തന്നിട്ടുള്ള രേഖകൾ പ്രകാരം Standardized Agency System അതായത് S.A.S. സിസ്റ്റം പ്രകാരം കേരളത്തിലെ 3780 പേരും അതുപോലെ തന്നെ മഹിളാ പ്രധാൻ ക്ഷേത്രീയ ബചത് യോജന പ്രകാരം 10,254 പേരും മൊത്തം 14,034 പേരാണ് ഈ വിഭവ സമാഹരണം നമുക്ക് നേടിത്തന്നത്. മുമ്പ് 80%

LIBRARY ARCHIVES Kerala Legislative Assembly

മാത്രമായിരുന്നു ഇതുവഴി നമുക്കു കിട്ടുന്ന തുക. ഇതിൽ 6,7 ഐറ്റംസ് ഉണ്ട്. പോസ്റ്റോഫീസ് സേവിംഗ്സ് അക്കൗണ്ട്, റെക്കറിംഗ് ഡെപ്പോസിറ്റ് അക്കൗണ്ട്, ടൈം ഡെപ്പോസിറ്റ്, മാസ വരുമാന പദ്ധതി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, നാഷണൽ സേവിംഗ്സ് സ്കീം, പെൻഷൻ നിക്ഷേപ പദ്ധതി, സഞ്ചയിക അങ്ങനെ പല വിഭാഗങ്ങളാണ്. മുമ്പ് ഈ തുകയുടെ 80% ആയിരുന്നു നമ്മുടെ സംസ്ഥാനം പദ്ധതി വിഹിതമായി ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 100% ഉപയോഗിക്കാം എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം. മഹാരാഷ്ട്രാ സംസ്ഥാനം ഇത്തരത്തിൽ പിരിച്ചെടുക്കുന്നത് 7,000 കോടി രൂപയാണ്. തമിഴ്നാട് ഇത്തരത്തിൽ പിരിച്ചെടുക്കുന്നത് 6,000 കോടി രൂപയാണ്. അവർക്ക് അതനുസരിച്ചുള്ള ധാരാളം ഇൻസെന്റീവുകളും ആനുകൂല്യങ്ങളും കൊടുക്കും. കേരള ഗവൺമെന്റ് 1990-ൽ ഇത് സംബന്ധിച്ച് ഒരു ജി.ഒ. ഇറക്കിയിട്ടുണ്ട്. അതിനുശേഷം 1991-ൽ ഒരു ജി. ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. വീണ്ടും 1993-ൽ ജി.ഒ. (പി) 723/93 പുറപ്പെടുവിച്ചു.അതിനുശേഷം 1994 മാർച്ച് 17-ന് ജി. ഒ. (പി) നമ്പർ 221/94 പുറപ്പെടുവിച്ചു. അതിനുശേഷം സർക്കുലർ ഇറങ്ങി, നമ്പർ 80/97. അതിനുശേഷം 1999 മേയ് 14-ന് 1422/99 എന്ന നമ്പർ ജി.ഒ. ഇറങ്ങി. ഏറ്റവും അവസാനം രണ്ടായിരാമാണ്ട് ഓഗസ്റ്റ് 14-ന് 1084/2000 നമ്പർ ജി. ഒ. ഇറങ്ങി. ഈ ജി. ഒ.-കൾ വഴി പല തരത്തിലുള്ള ആനുകൂല്യങ്ങളും മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകുന്നുണ്ട്. എങ്കിൽപ്പോലും ഇവരെ സംരക്ഷിക്കുന്ന തലത്തിലേക്ക് കാര്യങ്ങൾ പോയാൽ നമ്മുടെ വിഭവ സമാഹരണം വളരെ എളുപ്പമാകും. കാർഷികാദായ വിൽപ്പന നികുതി പണ്ട് ഏറ്റവും കൂടുതൽ പ്രയോജനം നൽകിയിരുന്നത് ഇടയ്ക്കുവച്ചു നിന്നുപോയി. വീണ്ടും നമ്മൾ ചെറുതായി തുടങ്ങുമ്പോൾ തന്നെ കാർഷിക മേഖലയിൽ നിന്നുള്ള എതിർപ്പ് നമ്മൾ കണ്ടു. ഇത് അങ്ങനെയല്ല. നമ്മുടെ നാട്ടിൽ വിദേശ പണം കൊണ്ടുവരുന്ന നൂറു കണക്കിന്, ആയിരക്കണക്കിന്, പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് കുടുംബങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളിൽ പലിശ വളരെ കുറവാണ്. ജപ്പാനിൽ പലിശ അങ്ങോട്ട് കൊടുക്കണം. ഇൻഡ്യയിലും കേരളത്തിലുമൊക്കെയാണ് ഈ പലിശ കൂടുതലായി കിട്ടുന്ന തരത്തിലുള്ള നിക്ഷേപ പദ്ധതികളും ആനുകൂല്യങ്ങളും ധാരാളമായി കിട്ടുന്നത്. വല്ല ബ്ലേഡ് കമ്പനികളിലും കൊണ്ടിട്ട് വെറുതെ ഈ പണം കള്ളപ്പണമായി കിടക്കുന്നതിനു പകരം ഇത് കൂടുതലായി കണ്ടെത്തി അത് നമ്മുടെ ദേശീയ കാര്യങ്ങൾക്കുവേണ്ടി നമ്മുടെ വിഭവ സമാഹരണമാക്കി മാറ്റുകയും നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായിക്കുകയും ചെയ്യുന്ന കാര്യത്തിലേക്ക് എത്തിക്കാൻ കഴിയുന്നതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ പ്രത്യേകിച്ചും, അതിൽ മഹിളകളാണ് കൂടുതൽ പ്രവർത്തിക്കുന്നത്, അവരുടെ സ്വയം തൊഴിൽ കൂടിയാണിത്. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണം. ഈ രേഖയിൽ പറയുന്ന പ്രകാരമാണെങ്കിൽ അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ വളരെ വിരളമാണ്. ഈ പറയുന്ന നാമമാത്രമായ ആനുകൂല്യങ്ങൾ വച്ചുകൊണ്ട് അവർക്ക് ഒരു കുടുംബം പുലർത്താൻ കഴിയുകയില്ല. അവർക്ക് കമ്മീഷൻ വളരെ ചുരുക്കം മാത്രമാണ്. അവർക്ക് സംരക്ഷണം സർക്കാരിന്റെ നേതൃത്വത്തിൽ നൽകിയാൽ വിദേശ പണം ഏറ്റവും കൂടുതൽ വരുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത് ഏറ്റവും കൂടുതൽ ഉതകും എന്നുള്ളതാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം. അതുപോലെ എൽ. ഐ. സി., കേരളത്തിലെ എൽ. ഐ. സി.-യുടെ മേധാവിയോട് ഞാൻ ഇതിന്റെ ഡീറ്റെയിൽസ് തരണമെന്നാവശ്യപ്പെട്ടപ്പോൾ അദ്ദേഹം തരാൻ കൂട്ടാക്കിയില്ല. തിരുവിതാംകൂറിൽ 1896-ൽ ഒരു ഇൻഷ്വറൻസ് വകുപ്പുണ്ടായിരുന്നു. 1956-ൽ ലൈഫ് ഇൻഷ്വറൻസും 1972-ൽ ജനറൽ ഇൻഷ്വറൻസും നാഷണലൈസ് ചെയ്തതിനുശേഷം അതിന്റെ പ്രവർത്തനം നിന്നുപോയി. ബഹുമാന്യനായ ധനകാര്യ മന്ത്രിക്ക് വീണ്ടും അതുസംബന്ധിച്ച് ഒരു നിവേദനം കൊടുത്തിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്കും ഈ രംഗത്ത് കടന്നുവരണം. ഇൻഷ്വറൻസ് മേഖലയിലേക്ക് സഹകാര്യമേഖല കടന്നുവന്നതുപോലെ നമുക്കും വരണം. ഇപ്പോൾ എ.എം.പി. സന്മാർ എന്ന ഒരു ആസ്ട്രേലിയൻ നമ്മുടെ എൽ. ഐ. സി.-യുടെ ഉയർന്ന ഉദ്യോഗസ്ഥരെയെല്ലാം ബ്രെയിൻവാഷ് ചെയ്ത് കമ്മീഷൻ കൊടുത്തുവച്ചിരിക്കുകയാണ്. നമ്മുടെ തുക മുഴുവൻ രാജ്യത്തിന്റെ പ്രസ്ഥാനത്തെ തകർത്തുകൊണ്ട് വിദേശത്ത് പോകുന്ന തരത്തിൽ വിദേശ ഇൻഷ്വറൻസ് കമ്പനികൾ ഈ രംഗത്ത് കടന്നുവന്നിരിക്കുകയാണ്. എ.എം.പി. സന്മാറിന്റെ പ്രവർത്തനങ്ങളാണ് കൂടുതൽ നടക്കുന്നത്. എനിക്കറിയാവുന്ന, നമ്മുടെതന്നെ വലിയ ബാങ്കുകളിലെ ഉദ്യോഗസ്ഥന്മാർ ഈ വിദേശ ഇൻഷ്വറൻസ് കമ്പനിയുടെ ഏജന്റുമാരാണ്. നമ്മുടെ എൽ. ഐ. സി.-യെ സംരക്ഷിച്ചു നിർത്തുന്നതിനുവേണ്ടി ആ രംഗത്തു പ്രവർത്തിക്കുന്ന ഏജന്റുമാരെ കൂടുതലായി നമ്മൾ സംരക്ഷിക്കണം. ഗവണ്മെന്റിന്റെ ഉടമയിലുള്ള ഈ സ്ഥാപനത്തെ സംരക്ഷിച്ചുകൊണ്ട്.....

ശ്രീ. മത്തായി ചാക്കോ : എൽ.ഐ.സി. മേഖലയിലേക്ക് വിദേശ ഏജൻസികൾ കടന്നുവരുന്നതിനെക്കുറിച്ച് അങ്ങുപറഞ്ഞു. മൻമോഹൻസിംഗ് ധനകാര്യമന്ത്രിയായിരിക്കുമ്പോൾ അല്ലേ ഇൻഡ്യയിലേക്ക് ആദ്യമായിട്ട് വിദേശ കുത്തക കമ്പനികളെ ഇൻഷ്വറൻസ് മേഖലയിലേക്ക് ക്ഷണിച്ചത്? ആ കാര്യം അങ്ങ് മറന്നുപോയോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അത് തെറ്റാണ്. 1999-ലെ ഐ.ആർ.സി. ആക്ട് നിലവിൽ വന്നതോടുകൂടിയാണ് വിദേശ കമ്പനികൾ ഈ മേഖലയിൽ കടന്നുവന്നത്. അന്ന് കേന്ദ്രം ഭരിച്ചിരുന്ന ദേവഗൗഡ സർക്കാർ താഴെ വീഴുകയും വാജ്പേയ് സർക്കാർ അധികാരത്തിൽ വരികയും ചെയ്ത സമയമായിരുന്നു. ദേവഗൗഡ സർക്കാരാണ് അതുസംബന്ധിച്ചുള്ള എല്ലാ വാതിലും തുറന്നുകൊടുത്തത്. മൻമോഹൻസിംഗിന്റെ കാലത്ത് അങ്ങനെ ഒന്നും സംഭവിച്ചിട്ടില്ല. ഞാൻ പറഞ്ഞുവരുന്നത് എൽ. ഐ. സി.-ക്ക് കിട്ടേണ്ട പ്രീമിയം തുക മറ്റ് വിദേശ കമ്പനികൾ കൊണ്ടുപോകുന്നതിന് നമ്മുടെ ആളുകൾതന്നെ കൂട്ടുനിൽക്കുന്നതിനു കാരണം കൂടുതൽ ആനുകൂല്യങ്ങൾ അവർക്ക് പുറം വാതിലിലൂടെ എത്തിച്ചുകൊടുക്കുന്നതുകൊണ്ടാണ്. എന്റെ മണ്ഡലത്തിലുള്ള ഒരു ഏജന്റ് ആസ്ത്രേലിയായിൽ ടൂറിനു പോയിരിക്കുകയാണ്. ഒരു വർഷംപോലുമായില്ല പ്രവർത്തനം തുടങ്ങിയിട്ട്. അതിനുമുമ്പായിട്ട് ആസ്ത്രേലിയായിൽ ടൂറിനുപോകാനുള്ള പദ്ധതിയാണ്. വമ്പിച്ച മെഡിക്കൽ ആനുകൂല്യങ്ങളാണ്. ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ കൂടുതലായി ഓഫർ ചെയ്തുകൊണ്ട് നമുക്ക് കിട്ടേണ്ട പ്രീമിയംതുക നമുക്ക് കിട്ടാതിരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം ഉണ്ടാക്കുന്നു. എന്നുവച്ചാൽ നമ്മുടെ രാജ്യത്തിന് ഇപ്പോൾ എൽ. ഐ. സി. സഹായത്തോടുകൂടി എത്രയോ ശുദ്ധജലവിതരണ പദ്ധതികൾ നടക്കുന്നു. കെ. എസ്. ആർ. ടി. സി.-ക്ക് മുമ്പ് പണം മുഴുവൻ കൊടുത്തിരുന്നത് എൽ. ഐ. സി ആയിരുന്നു. ഇന്ന് ഹഡ്കോക്ക് കൊടുക്കുന്ന മാതിരി. അങ്ങനെ വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾക്ക് ഈ തുക സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു. വളരെ മിനിമം പലിശയ്ക്ക് തുക ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് എൽ.ഐ.സി. അതുപോലെതന്നെ അപകട കാര്യങ്ങൾക്കും മറ്റും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഇൻഷ്വറൻസ് കമ്പനികൾ, അതിന്റെയെല്ലാം ഏജന്റുമാരായി പ്രവർത്തിക്കുന്നവർ, പ്രധാനമായും എൽ.ഐ.സി. ഏജന്റുമാരായി പ്രവർത്തിക്കുന്നവർ തുടങ്ങി വർഷങ്ങളായി സ്വയം തൊഴിൽ കണ്ടെത്തി പ്രവർത്തിക്കുന്നവരെ സംസ്ഥാന സർക്കാരിന് പ്രോൽസാഹിപ്പിക്കേണ്ട ഉത്തരവാദിത്വമുണ്ട്. ഇതെല്ലാം വിഭവ സമാഹരണത്തിനു വേണ്ടിയുള്ളതാണ്. നമ്മൾ എത്രയോ പാടുപെടുന്നു വിഭവസമാഹരണത്തിനുവേണ്ടി. ഏതെല്ലാം തരത്തിൽ തുക സമാഹരിക്കാൻവേണ്ടി നമ്മൾ ചക്രശ്വാസം വലിക്കുന്നു. പക്ഷേ നമ്മുടെ മുന്നിലുള്ള മേഖല വിപുലവും വിശാലവുമായി തുറന്നുകിടക്കുന്നു. ഒരു മേഖലയെപ്പോലും നമ്മൾ വേണ്ടതുപോലെ സംരക്ഷിക്കുന്നില്ല. അതിനുവേണ്ടിയാണ് ഞാൻ ഈ ബില്ലുകൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ബിനോയ് വിശ്വം : സർ, എന്റെ പ്രിയ സുഹൃത്ത് വളരെ കാര്യമായി പറഞ്ഞ പോയിന്റുകളെല്ലാം വളരെ ശരിയാണ്. സാമ്പത്തിക രംഗത്ത് വന്നിച്ച മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇൻഷ്വറൻസ് മേഖലയിലെ മാറ്റം ഈ നാടിന് ദോഷകരമായി ബാധിക്കും എന്നുള്ളത് ഞാൻ സമ്മതിക്കുന്നുണ്ട്. കോൺഗ്രസ് (ഐ) തുടങ്ങിവച്ച സാമ്പത്തിക നയങ്ങളുടെ വ്യതിയാനം, Open up Policy ഉണ്ടാക്കിയ തെറ്റായ പ്രത്യാഘാതം മനസ്സിലാക്കി ആ സാമ്പത്തിക നയം മാറ്റിക്കാനും അതിന്റെ വെളിച്ചത്തിൽ എപ്പോഴും പറയുന്നതുപോലെ ദേശീയതലത്തിലുള്ള മതനിരപേക്ഷ ഐക്യത്തിന്റെ വഴി സുഗമമാക്കാനും ഒരു ക്യാമ്പെനിലേക്ക് ശ്രീ. ജി. പ്രതാപവർമ്മ തമ്പാനും കൂട്ടുകാരും വരാനും ഈ വൈകിയ വേളയിലെങ്കിലും തയ്യാറാകുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : അതിനുവേണ്ടിയാണല്ലോ മതേതര മുന്നണി യുണ്ടാക്കുന്നത്.

ശ്രീ. വർക്കല കഹാർ : സർ, ദേവഗൗഡ മന്ത്രിസഭയാണ് ഈ കാര്യത്തിൽ ജനവിരുദ്ധമായ നയം സ്വീകരിച്ചത് എന്ന് അങ്ങു പറഞ്ഞു. ആ മന്ത്രിസഭയിൽ ഇന്ദ്രജിത് ഗുപ്തയും, ചതുരാനന്ദമിശ്രയും മന്ത്രിമാരായിരുന്നു എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഞാൻ നേരത്തെ വിശദീകരിച്ചല്ലോ. ഇതെല്ലാം സംഭവിച്ചത് ആ കാലഘട്ടത്തിലാണ്. അതിന്റെയെല്ലാം മാറ്റത്തിനുവേണ്ടിയാണ് നമ്മൾ പുതുതായി മതേതര മുന്നണിക്ക് രൂപം നല്കുന്നത്. ആ മതേതര മുന്നണിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക വശങ്ങളെക്കുറിച്ചുള്ള പുതിയ നയങ്ങളെ, മാറ്റങ്ങളെ, വ്യതിയാനങ്ങളെക്കുറിച്ചെല്ലാം നമുക്ക് ഒരു അഭിപ്രായ ഐക്യത്തിൽ എത്തിച്ചേർന്നുകൊണ്ട് ഈ കാര്യത്തിൽ ഉചിതമായ, യുക്തമായ തീരുമാനം എടുക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. Your time is over. Are you concluding today?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : I will continue.

Mr. Deputy Speaker : You can continue next time.

(ചർച്ച തുടരും)

(7) 2003-ലെ കേരള പാരമ്പര്യ കലാ പ്രവർത്തക ക്ഷേമനിധി ബിൽ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, 2003-ലെ കേരള പാരമ്പര്യ കലാ പ്രവർത്തക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഇത് വളരെ വിഷമത്തോടുകൂടിയാണെങ്കിലും ഞാൻ എതിർക്കുകയാണ്. ഈ ബില്ലിന്റെ പ്രസക്തി ഇല്ല എന്നുള്ളതാണ് കാരണം. നമ്മുടെ സംസ്ഥാനത്തെ പാരമ്പര്യ നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന, ഇത് ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വലിയൊരു വിഭാഗം ആളുകളെ കണക്കിലെടുത്ത് അവർക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നുള്ള സദുദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ലിലുള്ളത് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. നാടൻ പാട്ട്, കളമെഴുത്ത്, ചിത്രമെഴുത്ത്, ഓട്ടൻതുള്ളൽ, മിമിക്രി, സിനിമാറ്റിക് ഡാൻസ് വരെയുള്ള പല കലാരൂപങ്ങൾ ജീവിത ഉപാധിയായി സ്വീകരിച്ചിട്ടുള്ളവർ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ധാരാളം ഉണ്ട് എന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന രണ്ട് കാര്യങ്ങളുണ്ട്. മറ്റ് തൊഴിലാളികളുടെ ക്ഷേമനിധിപോലെ തൊഴിൽദായകരിൽനിന്നും തൊഴിലാളികളിൽനിന്നും ഒരു നിശ്ചിതതുക പ്രതിമാസം ഇതിന് ഈടാക്കാൻ സാധിക്കുകയില്ല. കാരണം മിക്കവാറും തൊഴിൽ ഉടമയും തൊഴിലാളിയും ഒരാൾ തന്നെയായിരിക്കും എന്നുള്ളതാണ് ഇതിന്റെ ഒരു ന്യൂനത. അതുമാത്രമല്ല, ഇവരെയെല്ലാം ഒരു ഓർഗനൈസ്ഡ് വിഭാഗമായിട്ട് നമുക്ക് കണക്കാക്കാൻ സാധിക്കുകയില്ല. വ്യക്തിപരമായിട്ടുള്ള ഒരു തൊഴിലാണ്. ഇങ്ങനെയാണെങ്കിലും ഇത്തരത്തിലുള്ള കലാകാരന്മാരെ ഉദ്ദേശിച്ച് ഇപ്പോൾ നമ്മുടെ സാംസ്കാരിക വകുപ്പിന്റെ കീഴിൽ തന്നെ ചില പരിപാടികളുണ്ട്. സാംസ്കാരിക വകുപ്പിൽ സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെങ്കിലും അവശ കലാകാരന്മാർക്ക് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാന കലാകാര പെൻഷൻ പദ്ധതി എന്ന പദ്ധതിക്കുപുറമെ അശരണർക്കും രോഗബാധിതരായ കലാ സാംസ്കാരിക പ്രവർത്തകർക്കും സിനിമാ, ടിവി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിൽസാ സഹായം നൽകുന്ന ഒരു പദ്ധതിയും

LIBRARY ARCHIVES Kerala Legislative Assembly